**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4778** **01-11-2021 - ൽ മറുപടിയ്ക്ക്**

**ദേശീയപാത വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്‌റഫ്** | | **Shri P. A. Mohamed Riyas (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മഞ്ചേശ്വരം, കാസർഗോഡ് താലൂക്കുകളിൽ ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുത്തപ്പോൾ ഒരേ സർവ്വേ നമ്പറിലെ സമാനസ്വഭാവമുള്ള ഭൂമിക്ക് വ്യത്യസ്തമായി നഷ്ടപരിഹാരം കണക്കാക്കിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എന്ത് കൊണ്ടാണ് ഇത്തരത്തിൽ കണക്കാക്കിയതെന്ന് വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഘട്ടം ഘട്ടമായാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിച്ചുവരുന്നത്. ഓരോ ഘട്ടത്തിലെയും 3എ വിജ്ഞാപന പ്രകാരം ആ കാലഘട്ടത്തിൽ ലഭ്യമായ ആധാരമോ ഭൂമിയുടെ ന്യായവിലയോ അടിസ്ഥാനമാക്കിയാണ് ഭൂമിയുടെ വില നിശ്ചയിക്കുന്നത്. |
| (ബി) | ഒരേ തരത്തിലുള്ള ഭൂമിക്ക് വ്യത്യസ്ത നഷ്ടപരിഹാരം കണക്കാക്കിയതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പരാതികളിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | പരാതികൾ ലഭ്യമായിട്ടില്ല. |
| (സി) | ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് മഞ്ചേശ്വരം താലൂക്കിൽ ഭൂമി ഏറ്റെടുത്തപ്പോൾ അതിൽ ഉൾപ്പെടുന്ന വീട് ഭാഗികമായി ഏറ്റെടുക്കുകയും ചെറിയ തുക നഷ്ടപരിഹാരമായി നൽകുകയും വീടിന്റെ ശേഷിക്കുന്ന ഭാഗം ഉപയോഗിക്കാൻ കഴിയാതെയും ലഭ്യമായ തുകയ്ക്ക് വീട് നിർമ്മിക്കാൻ കഴിയാതെയും വരുന്ന സാഹചര്യത്തിൽ അവരുടെ വീട് മുഴുവൻ ഏറ്റെടുത്ത് അർഹമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഈ വിഷയത്തിൽ ദേശീയപാത അതോറിറ്റിയുടെ പോളിസി പ്രകാരം ഏറ്റെടുക്കുന്ന ഭൂമിക്ക് അകത്ത് വരുന്ന കെട്ടിടത്തിന്റെ തൊട്ടടുത്തുവരുന്ന ചുമരുവരെ (Till the next load bearing wall) മാത്രമെ വില നിർണ്ണയം നടത്തി നഷ്ടപരിഹാരം അനുവദിക്കേണ്ടതുള്ളൂ, എന്നാൽ ഇത്തരത്തിൽ പൊളിക്കുന്നത് കെട്ടിടത്തിന്റെ സ്ഥിരതയെ ബാധിക്കുന്നുവെന്ന് പൊതുമരാമത്ത് വകുപ്പ് സർട്ടിഫിക്കറ്റ് നൽകുന്ന സാഹചര്യത്തിൽ മുഴുവൻ കെട്ടിടത്തിനും നഷ്ടപരിഹാരം നൽകുന്നതാണ് എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ